"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - 1994-95 വർഷകാലയളവിൽ കോഴിക്കോട് മാത്തോട്ടം വനശ്രീ കോംപ്ലക്സിൽ കുഴൽ കിണർ നിർമ്മാണം നടന്നതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ട് - ശ്രീ.എൻ.എം.മാത്യു, വിരമിച്ച അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്ററിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി- തീർപ്പാക്കി ഉത്തരവാകുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.78/2023/F&WLD     തീയതി,തിരുവനന്തപുരം, 22-02-2023

---

പരാമർശം:-

1. വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 29.04.2006-ലെ E12(VE6-2005 NRK) 4634-2005 നമ്പർ കത്ത്.
2. 06.09.2007-ലെ 11804/എ1/06/വനം നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
3. 02.08.2014-ലെ 11363/എ1/10/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. 07.10.2014 തീയതിയായി ശ്രീ.എൻ.എം.മാത്യു സമർപ്പിച്ച പ്രതിവാദ പത്രിക.
5. 19.06.2016-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-25855/07 നമ്പർ കത്ത്.
6. 25.12.2021 തീയതിയിലെ എ1/16/2021/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
7. 25.12.2021 തീയതിയായി ശ്രീ.എൻ.എം.മാത്യു സമർപ്പിച്ച പ്രതിവാദ പത്രിക.
8. 20.09.2022-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-25855/07 നമ്പർ കത്ത്.
9. 10.10.2022 തീയതിയായി ശ്രീ.എൻ.എം.മാത്യു സമർപ്പിച്ച വിശദീകരണം.

**ഉത്തരവ്**

1994-95 വർഷകാലയളവിൽ കോഴിക്കോട് മാന്തോട്ടം വനശ്രീ കോംപ്ലക്സിൽ കുഴൽ കിണർ നിർമ്മാണം നടന്നതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആയിരുന്ന ശ്രീ.ഡി.കെ.വർമ്മയുടെ നിർദ്ദേശാനുസരണം, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീഎൻ.എം.മാത്യുവിനായിരുന്നു കുഴൽ കിണർ നിർമ്മാണ നടത്തിപ്പ് ചുമതല നൽകിയത്. മറ്റ് വകുപ്പുകൾക്ക് കുഴൽ കിണർ നിർമ്മിക്കുന്നതിന് നോഡൽ ഏജൻസിയായി കേരള സർക്കാർ നിർണ്ണയിച്ചിട്ടുള്ള ഗ്രൗണ്ട് വാട്ടർ വകുപ്പുമുഖേനയാണ് കുഴൽ കിണർ നിർമ്മാണം നടത്തിയത്. ഇതിൽ നിന്നും വെള്ളം പമ്പുചെയ്യാനായി സ്ഥാപിച്ച പമ്പിന്റെ പ്രവർത്തനം പരാജയപ്പെടുകയും, കുഴൽ കിണർ പ്രവർത്തിക്കാതാവുകയും ചെയ്തു. ഇതിനായി ചെലവഴിച്ച 1,02,269/- രൂപ സർക്കാർ നഷ്ടമായി വിലയിരുത്തപ്പെട്ടു. മേൽ റിപ്പോർട്ട് അംഗീകരിച്ച് ശ്രീഎൻ.എം.മാത്യുവിന് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിക്കുകയും തുടർന്ന് നടത്തിയ ഔപചാരികാന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസും നൽകി. പ്രസ്തുത നോട്ടീസിന് ടിയാൻ പരാമർശം (4) പ്രകാരം സമർപ്പിച്ച വിശദീകരണത്തിന്മേൽ പരാമർശം (5) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് കുഴിച്ച ബോർവെല്ലിന് ചെലവായ തുക ആ വിഷയവുമായി ബന്ധപ്പെടാത്ത അന്നത്തെ റെയിഞ്ചാഫീസറായ ശ്രീ.എൻ.എം.മാത്യുവിൽ നിന്നും ഈടാക്കുന്നത് ന്യായമല്ലെന്നും, പമ്പ് പ്രവർത്തനരഹിതമാണെന്ന് ശ്രീഎൻ.എം.മാത്യുവിനെ 1995 നവംബറിൽ അറിയിക്കുന്നതിന് മുന്നേതന്നെ ടിയാൻ കുറ്റ്യാടി റെയിഞ്ച് ഓഫീസിൽ നിന്നും കരുളായി റെയിഞ്ചിലേയ്ക്ക് സ്ഥലം മാറിപ്പോയിട്ടുണ്ടെന്നും, സ്ഥലം മാറിപ്പോയ ഒരു ഉദ്യോഗസ്ഥനെ മുൻ ഓഫീസിലെ അറ്റകുറ്റപ്പണി നടത്തുന്നതിനായി ഏൽപ്പിക്കുന്ന രീതി വനം വകുപ്പിൽ നിലവിലില്ലെന്നും, മണൽ കയറി പമ്പിങ്ങ് തടസ്സപ്പെട്ടത് പമ്പിങ്ങിന്റെ ഗുണനിലവാരം മോശമായതുകൊണ്ടാണെന്ന് പറയാനാവില്ലെന്നും, കൂടാതെ ഈ വിഷയത്തിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (വിജിലൻസ്) ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.എൻ.എം.മാത്യുവിനെതിരെ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ കഠിനശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും തുടർന്ന് നടത്തിയ ഔപചാരികാന്വേഷണത്തിൽ ചാർജ്ജുകൾ ഒന്നും തെളിയിക്കപ്പെടാത്തതിനാൽ 19.01.2004-ൽ ടിയാനെ കുറ്റവിമുക്തനാക്കുകയും അന്നത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായ ശ്രീ.ഡി.കെ.വർ മ്മയ്ക്ക് 'താക്കീത്' നൽകുകയും ചെയ്തിട്ടുണ്ടെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം 2004-ൽ നടത്തിയ ഔപചാരികാന്വേഷണത്തിൽ ചാർജ്ജുകൾ തെളിയിക്കപ്പെടാത്തതിനാൽ കുറ്റവിമുക്തനാക്കപ്പെട്ട വ്യക്തിയ്ക്ക് അതേ വിഷയത്തിൽ വീണ്ടും നടത്തിയ ഔപചാരികാന്വേഷണം കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും വിവിധ കോടതി വിധികൾ അനുസരിച്ചും സാധുത

ഇല്ലാത്തതാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ആരംഭിച്ചിരിക്കുന്ന അച്ചടക്ക നടപടി പൂർത്തീകരിച്ച് തീർപ്പാക്കുന്നതിനു നിയമ തടസ്സമില്ലെന്നതിനാൽ കുറ്റാരോപിതനായ റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശ്രീ.എൻ.എം.മാത്യുവിന്റെ ബാധ്യത തുകയായ 51,135/- രൂപ ഡി.സി.ആർ.ജി.-യിൽ നിന്ന് ഈടാക്കാനും കേരള സർവ്വീസ് റൂൾസ് പാർട്ട് III റൂൾ 3 പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറവു ചെയ്യാനും താൽക്കാലികമായി തീരുമാനിച്ച് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

ടിയാൻ റിട്ടയർ ചെയ്ത് മൂന്നു വർഷം കഴിഞ്ഞതിനാൽ പ്രസ്തുത തുക ഡിസി.ആർ.ജി.-യിൽ നിന്നും ഇനി ഈടാക്കുക സാധ്യമല്ല. മാത്രമല്ല പ്രതിമാസ പെൻഷനിൽ നിന്നും കുറവു ചെയ്യേണ്ട തുകയിലും അച്ചടക്ക നടപടിയുടെ ചട്ടങ്ങളിലും മാറ്റം വരുത്തി ശ്രീ.എൻ.എം.മാത്യു, റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബാധ്യത തുകയായ 51,135/- രൂപ ടിയാന്റെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിനും, കേരള സർവ്വീസ് റൂൾസ് പാർട്ട് III റൂൾ 59(d) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം കുറവുചെയ്യുന്നതിനും തീരുമാനിച്ച് പരാമർശം (6) പ്രകാരം പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് ടിയാന് നൽകുകയുണ്ടായി.

ശ്രീ. എൻ.എം മാത്യു പരാമർശം (7) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേലുള്ള ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായം പരാമർശം (8) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

ഈ പ്രോജക്റ്റ് വനം വകുപ്പ് നേരിട്ടു നടത്തിയിട്ടുള്ളതല്ലെന്നും, കുഴൽക്കിണർ നിർമ്മാണം വനം വകുപ്പിന് പരിചയമില്ലാത്തത് കൊണ്ട് ഗവൺമെന്റ് നോഡൽ ഏജൻസിയായി തീരുമാനിച്ച ഭൂജല വകുപ്പാണ് ഈ പദ്ധതിയുടെ എല്ലാ കാര്യങ്ങളും ചെയ്തിട്ടുള്ളത്. ഭൂജലവകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ എത്തിക്കുകയും ജോലി വേഗതയിലെത്തിക്കാനുള്ള ശ്രമങ്ങളും ആണ് ടിയാന് ചെയ്യാനുണ്ടായിരുന്നതെന്നും, പമ്പ് പൂഴികൊണ്ടു മൂടിയതിന് ശേഷമാണ് ടിയാന് വിവരം ലഭിച്ചതെന്നും, ടിയാന്റെ അശ്രദ്ധ കൊണ്ടോ താൽപര്യക്കുറവ് കൊണ്ടോ ഉണ്ടായതല്ല വകുപ്പിന്റ നഷ്ടമെന്നും, കേരളത്തിലെ വേറൊരു സർക്കാർ വകുപ്പും കുഴൽകിണർ നിർമ്മാണത്തിലെ സർക്കാർ അംഗീകൃത നോഡൽ ഏജൻസിയുമായ ഭൂജലവകുപ്പിന്റെ തെറ്റോ അശ്രദ്ധയോ കൊണ്ടുണ്ടായ നഷ്ടം നിരപരാധിയായ ടിയാനിൽ ആരോപിക്കുന്നത് ശരിയല്ലെന്നും, വിജിലൻസ് വകുപ്പ് കിണർ നിർമ്മാണത്തിലെ അപാകതകൾ തിരിച്ചറിയാൻ ശ്രമിക്കുകയുണ്ടായില്ലെന്നും, മാത്രവുമല്ല മുഴുവൻ ഉത്തരവാദിത്തവും വനം വകുപ്പ് ഉദ്യോഗസ്ഥരിൽ ആരോപിക്കുകയും ചെയ്തിരിക്കുന്നുവെന്നും, വനം വകുപ്പിലെ ഈ കേസിൽ പദ്ധതിയുടെ എല്ലാ പ്രവർത്തനങ്ങളും പണമിടപാടുകളും നടത്തിയിരിക്കുന്നത് ഭൂജലവകുപ്പ് ഉദ്യോഗസ്ഥരാണെന്നും, ടിയാന്റെ മുഴുവൻ സർവ്വീസിലും ഒരു തരത്തിലുമുള്ള വീഴ്ചകളോ തെറ്റുകുറ്റങ്ങളോ സംഭവിച്ചിട്ടില്ലെന്നും, ശ്രീ.എൻ.എം.മാത്യു വാദിക്കുകയുണ്ടായി. നേരിൽ കേൾക്കൽ ആവശ്യപ്പെട്ടതനുസരിച്ച് ആയതിനുള്ള അവസരം നൽകിയെങ്കിലും, ടിയാന് നേരിൽ കേൾക്കൽ വേളയിൽ ഹാജരാകാൻ കഴിഞ്ഞില്ല. തുടർന്ന് പരാമർശം (9) പ്രകാരം

ടിയാൻ വിശദീകരണം സമർപ്പിക്കുകയുണ്ടായി. പ്രതിവാദ പത്രികയിലെ വാദങ്ങളിൽ നിന്നും വ്യത്യസ്തമായി യാതൊന്നും ടിയാൻ ഉന്നയിച്ചില്ല.

കോഴിക്കോട് മാത്തോട്ടം വനശ്രീ കോംപ്ലക്സിൽ കുഴൽക്കിണർ നിർമ്മാണ പ്രവർത്തികൾ നടത്തിയതും സാങ്കേതിക കാര്യങ്ങൾ പരിശോധിച്ചതും കേരള സർക്കാരിന്റെ ഭൂജല വകുപ്പിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാണ്. ശ്രീ.എൻ.എം.മാത്യു കുറ്റ്യാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി ജോലി ചെയ്തിരുന്ന കാലയളവിലാണ് ടി പ്രവർത്തി നടന്നതെന്നും, കുറ്റ്യാടി റെയിഞ്ച് ഓഫീസിൽ നിന്നും 60 കിലോ മീറ്റർ അകലെയുള്ള വനശ്രീ കോംപ്ലക്സിൽ ദിവസേന വന്ന് കുഴൽക്കിണർ നിർമ്മാണ പ്രവർത്തി പരിശോധിക്കുക എന്നത് പ്രായോഗികമല്ലെന്നും, പ്രവർത്തി പൂർത്തിയായ ശേഷം ഉണ്ടായ സാങ്കേതിക പിഴവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇവ പ്രവർത്തനക്ഷമമാക്കുന്നതിന് ടിയാൻ ഉചിതമായ നടപടികൾ സ്വീകരിച്ചിരുന്നുവെന്നും, കുഴൽക്കിണറിൽ നിന്നും വെള്ളം ശേഖരിക്കുന്നതിനായി മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് ക്വട്ടേഷൻ അടിസ്ഥാനമാക്കി നിയമാനുസൃതമായിത്തന്നെയാണെന്നും, മണൽ കയറി പമ്പിംഗ് തടസ്സപ്പെട്ടത് പമ്പിന്റെ ഗുണനിലവാരം മോശമായതുകൊണ്ടാണെന്ന് പറയാനാവില്ലെന്നും, കൂടാതെ അറ്റകുറ്റപ്പണി നടത്തുന്നതിനായി സ്ഥലം മാറിപ്പോയ ഉദ്യോഗസ്ഥനെ ഏൽപ്പിക്കുന്ന രീതി വനം വകുപ്പിനില്ലെന്നും, മേൽ വസ്തുതകൾ പരിശോധിച്ചതിൽ ഭൂജലവകുപ്പിന്റെ പൂർണ്ണമായ നിരീക്ഷണത്തിലും പരിശോധനയിലും നടന്ന പ്രവർത്തിയായതിനാൽ ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ട് നടപടി സ്വീകരിക്കാവുന്നതാണെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായപ്പെട്ടിരിക്കുന്നു.

ശ്രീ.എൻ.എം.മാത്യുവിന്റെ പ്രതിവാദ പത്രികയിലെ വാദങ്ങളും ആയതിന്മേലുള്ള ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായവും ലഭ്യമായ മറ്റ് രേഖകളും സർക്കാർ വിശദമായി പരിശോധിച്ചു.

ഭൂജല വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ കുഴൽക്കിണർ നിർമ്മാണ പ്രവർത്തിയിൽ ഭൂജല വകുപ്പുമായി ബന്ധപ്പെട്ട് ജോലി വേഗത്തിലാക്കുവാനുള്ള ശ്രമങ്ങളാണ് ശ്രീ.എൻ.എം.മാത്യുവിന് ചെയ്യാനുണ്ടായിരുന്നത്. 31.03.1995-ൽ ആരംഭിച്ച പദ്ധതി 20.11.1995 വരെ നന്നായി പ്രവർത്തിച്ചിരുന്നു. ശ്രീ.എൻ.എം.മാത്യുവിനെ പമ്പ് പ്രവർത്തനരഹിതമാണെന്ന് അറിയിക്കുന്നത് 1995 നവംബറിലാണ്. എന്നാൽ ടിയാൻ 05.06.1995-ൽ തന്നെ പ്രസ്തുത ഓഫീസിൽ നിന്നും സ്ഥലം മാറി കരുളായി റെയിഞ്ചിലേയ്ക്ക് പോയിരുന്നു. അതായത് ശ്രീ.എൻ.എം.മാത്യു സ്ഥലം മാറിപോയി ഏകദേശം 5 മാസത്തിനിപ്പുറമാണ് ടിയാനെ പമ്പ് പ്രവർത്തനരഹിതാണെന്ന് വിവരം അറിയിക്കുന്നത്. മാത്രവുമല്ല 2004-ലെ അന്വേഷണ റിപ്പോർട്ടിൽ മണൽ പമ്പിലേയ്ക്ക് ഇറങ്ങിയതാവാം പരാജയകാരണമെന്നും, ഇത് മുൻകൂട്ടി പ്രതീക്ഷിക്കാനാവില്ലെന്നും ഈ പണി നടത്തിയ ഗ്രൗണ്ട് വാട്ടർ വകുപ്പിലെ ജില്ലാ ഓഫീസർ അറിയിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അറ്റകുറ്റപണി നടത്തുന്നതിനായി സ്ഥലം മാറിപ്പോയ ഒരു ഉദ്യോഗസ്ഥനെ ഏൽപ്പിക്കുന്നത് ആശാസ്യമല്ല. ഭൂജല വകുപ്പിന്റെ പൂർണ്ണമായ നിരീക്ഷണത്തിലും പരിശോധനയിലും നടന്ന പ്രവർത്തിയായതിനാൽ ശ്രീ.എൻ.എം.മാത്യുവിനെ പൂർണ്ണമായും കുറ്റക്കാരനാക്കാനോ, മുഴുവൻ ഉത്തരവാദിത്വവും വനം വകുപ്പ് ജീവനക്കാരിൽ

A,|86|2021



നിക്ഷിപ്തമാണെന്ന് പറയുന്നതോ ന്യായമല്ല. മേൽ സാഹചര്യത്തിൽ 05.06.1995-ൽ (25 വർഷങ്ങൾക്ക് മുമ്പ്) നടന്ന വിഷയമായതിനാലും ശ്രീ.എൻ.എം.മാത്യു സർവ്വീസിൽ നിന്നും 2016-ൽ വിരമിച്ചിട്ടുള്ളതിനാലും ടിയാന്റെ സർവ്വീസിൽ മറ്റ് ഗുരുതര കുറ്റങ്ങൾ ഒന്നും ചെയ്തിട്ടില്ലാത്തതിനാലും വാർദ്ധക്യസഹജമായ അസുഖങ്ങൾ നിമിത്തം ടിയാൻ ബുദ്ധിമുട്ടുകയാണെന്ന് അറിയിച്ചിട്ടുള്ളത് പരിഗണിച്ചും മാനുഷിക പരിഗണന നൽകി കാരണം കാണിക്കൽ നോട്ടീസിലെ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം കുറവുചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം ഒഴിവാക്കിയും ബാധ്യത തുകയായ 51,135/- രൂപ ടിയാന്റെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിയും ശ്രീ.എൻ.എം.മാത്യുവിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എൻ.എം.മാത്യു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ

വിജിലൻസ് (ഇ) വകുപ്പ് (VIG-E4/350/2022-VIG)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shaji A M
Date: 22-02-2023 13:04:33